**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ. 4990** **28/10/2016-ൽ മറുപടിയ്ക്ക്**

**പഴം, പച്ചക്കറി, പാൽ, മുട്ട, മാംസം എന്നിവയുടെ സംഭരണം**

**ചോദ്യം**

ശ്രീ. ടി.എ. അഹമ്മദ് കബീർ

എ) ശീതീകരണികളും ശീതീകരണ ശൃംഖലകളും സ്ഥാപിച്ച് പഴം, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, പാൽ, മുട്ട, ഇറച്ചി എന്നിവ സംഭരിച്ച് കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പ നൽകുവാൻ മുൻകൈ എടുക്കുമോ ;

ബി) എങ്കിൽ ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

സി) നിലവിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ), (ബി), & (സി) കൃഷി വകുപ്പ് സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിലും കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരത്ത് ആനയറ, നെടുമങ്ങാട്, എറണാകുളത്ത് മൂവാറ്റുപുഴ, കോഴിക്കോട്, വേങ്ങേരി, വയനാട്, സുൽത്താൻ ബത്തേരി എന്നീ വിപണികളിൽ കോൾഡ് സ്റ്റോറേജ് പ്രവർത്തനസജ്ജമാണ്. എറണാകുളത്ത് മരട് കാർഷിക മൊത്തവ്യാപാര വിപണിയിൽ കോൾഡ് സ്റ്റോറേജ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. മറ്റ് സ്ഥലങ്ങളിൽ കോൾഡ് സ്റ്റോറേജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നിലവിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം കേന്ദ്രസർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി 28 പായ്ക്ക് ഹൗസുകളും, റീഫർ വാൻ, 43 റൈപ്പനിംഗ് ചേമ്പർ എന്നിവയ്ക്ക് ധനസഹായം നൽകുകയും അവ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം പൂർണ്ണമായും കാര്യക്ഷമമാണ് എന്ന് പറയാനാകില്ല. ഇവ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(contd.............)

കൃഷി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, ഹോർട്ടികോർപ്പ് ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ പഴം, പച്ചക്കറികൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ശീതീകരണ ഗോഡൗൺ, സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. നിലവിൽ വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡിന് കേന്ദ്രസർക്കാർ ഏജൻസിയായ APEDA യുടെ സാമ്പത്തിക സഹായത്തോടെ സ്ഥാപിച്ചിട്ടുള്ള ശീതീകരണ സംവിധാനം നിലവിലുണ്ട്.

കൃഷി വകുപ്പ് ശീതീകരണികളും ശീതീകരണ ശൃംഖലകളും സ്ഥാപിക്കുന്ന വിഷയം സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ കൃഷി വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് ഇക്കാര്യത്തിൽ പഠനം നടത്തി പദ്ധതി തയ്യാറാക്കിവരുന്നതും, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഇത് സംബന്ധിച്ച പ്രാഥമിക പഠനം നടത്തിയിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ